പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2430 — 01-04-2013 - ൽ മറുപടിയ്ക്ക്

ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ നിർമ്മിക്കുന്ന തടയണകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.ഹംസ | | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ എത്ര ചെറുകിട തടണയകൾ നിർമ്മിക്കുന്നതിനാണ് പ്രൊപ്പോസൽ നൽകിയിരിക്കുന്നതെന്ന് വിശദമാക്കുമോ ; | (എ) | ഒറ്റപ്പാലം നിയമസഭാ മണ്ഡലത്തിൽ ചെറുകിട ജലസേചന വിഭാഗത്തിനു കീഴിൽ 12 തടയണകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട് |
| (ബി) | ഓരോ തടയണയുടെയും നിർമ്മാണം സംബന്ധിച്ചുള്ള വിശദാംശം അറിയിക്കുമോ ; | (ബി) | ഓരോ തടയണയുടെയും നിർമ്മാണം സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഏതെല്ലാം തടയണകൾ നിർമ്മിക്കുന്നതിനാണ് ഭരണാനുമതി നൽകുവാൻ ഉദ്ദേശിക്കുന്നത് ; | (സി) | ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ 12 തടയണ പ്രവൃത്തികളിൽ താഴെപറയുന്ന 6 പ്രവൃത്തികളുടെ ഭരണാനുമതി നൽകേണ്ടതുണ്ട്.<br>1) ലക്കിടി പേരൂർ പഞ്ചായത്തിലെ ഭൂതത്താൻ കെട്ടിൽ - ഭാരതപ്പുഴയ്ക്കു കുറുകെ 14/00 കി.മി.ചെയിനേജിൽ ചെക്ക് ഡാമുകളുടെ നിർമ്മാണം<br>2) കരിമ്പുഴ പഞ്ചായത്തിൽ കരിമ്പുഴയ്ക്കു കുറുകെ തടയണ<br>3)കരിമ്പുഴ പഞ്ചായത്തിൽ കരിമ്പുഴ പാലത്തിന് അപ്പ് സ്ട്രീമിൽ കരിമ്പുഴയ്ക്കു കുറുകെ താൽക്കാലിക തടയണ<br>4)കരിമ്പുഴ പഞ്ചായത്തിൽ പൊമ്പ്ര മുണ്ടക്കോട്ടു കുറിശ്ശിയിൽ കരിമ്പുഴയ്ക്കു കുറുകെ താൽക്കാലിക തടയണ<br>5)കരിമ്പുഴ പഞ്ചായത്തിൽ മുണ്ടോക്കുറിശ്ശിക്കടവിൽ കരിമ്പുഴയ്ക്കു കുറുകെ താല്ക്കാലിക തടയണ<br>6)കരിമ്പുഴ പഞ്ചായത്തിൽ തുമ്പക്കണ്ണിയിൽ ചെറുപുഴയ്ക്കു കുറുകെ താൽക്കാലിക തടയണ |

| | | | |
|---|---|---|---|
| (ഡി) | നിലവിൽ ഏതെല്ലാം തടയണകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ ; | (ഡി) | താഴെപ്പറയുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്<br>1) ലക്കിടി പേരൂർ പഞ്ചായത്തിൽ മുണ്ടിയം കടവിൽ പഴയ പറളി പാലത്തിൽ നിന്നും 11/00 കി.മീ.ചെയിനേജിൽ ഭാരതപ്പുഴയ്ക്കുകുറുകെ തടയണ.<br>2)ഒറ്റപ്പാലം മുൻസിപ്പാലിറ്റിയിൽ കണ്ണിയംപുറം തോടിന് കുറെകെ അയ്യപ്പൻകാവിനടുത്ത് തടയണ<br>3)കടമ്പഴിപ്പുറം പഞ്ചായത്തിൽ ചിനിക്കടവിൽ തുപ്പനാട് പുഴയ്ക്കു കുറുകെ തടയണ<br>4) ലക്കിടി പേരൂർ പഞ്ചായത്തിൽ പല്ലാർമംഗലം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയ്ക്കടുത്ത് ഭാരതപ്പുഴയിൽ താൽക്കാലിക തടയണ<br>5)കടമ്പഴിപ്പുറം പഞ്ചായത്തിൽ പാലേരികടുങ്ങോട്ടുപാടം വാർഡ് 15-ൽ തോടിന് കുറുകെ താൽക്കാലിക തടയണ<br>6)കടമ്പഴിപ്പുറം പഞ്ചായത്തിൽ ചോലാപ്പാടത്ത് വാർഡ് 6-ൽ തോടിനു കുറുകെ താൽക്കാലിക തടയണ |
| (ഇ) | ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ വിവിധ തടയണകൾ നിർമ്മിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കുമോ ; | (ഇ) | പാലക്കാട് ചെറുകിട ജലസേചന വിഭാഗം ഡിവിഷൻ ഓഫീസിനു കീഴിൽ പദ്ധതികൾ നടപ്പിലാക്കുന്നു. |
| (എഫ്) | ഓരോ പ്രവൃത്തിയുടെയും പുരോഗതി വിശദമാക്കുമോ ? | (എഫ്) | ഉത്തരം (ബി) കണ്ടാലും |

**സെക്ഷൻ ഓഫീസർ.**

**അനുബന്ധം**

**തടയണയുടെ നിർമ്മാണം സംബന്ധിച്ച വിശദാംശം**

1) ലക്കിടി പേരൂർ പഞ്ചായത്തിലെ ഭൂതത്താൻ കെട്ടിൽ - ഭാരതപുഴയ്ക്കു കുറുകെ 14/00 കി.മി.ചെയിനേജിൽ ചെക്ക് ഡാമുകളുടെ നിർമ്മാണത്തിന് വിശദമായ എസ്റ്റിമേറ്റ് ഐ.ഡി.ആർ.ബിയുടെ അംഗീകരിച്ച ഡിസൈൻ പ്രകാരം തയ്യാറാക്കി വരുന്നു.

2) കരിമ്പുഴ പഞ്ചായത്തിൽ കരിമ്പുഴയ്ക്കു കുറുകെ തടയണ നിർമ്മാണം. ഈ പ്രവൃത്തി പാലക്കാട് ജില്ലയിലെ പല ഭാഗങ്ങളിലായി 18 ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിന് പര്യവേഷണം നടത്തിയതിലൊന്നാണ്. ഇതിൻെറ, 2012 പി.ഡബ്ല്യൂ.ഡി.നിരക്ക് പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

3) നബാർഡ് ആർ.ഐ.ഡി.എഫ് 17-ൽ ഉൾപ്പെടുത്തി ലക്കിടി പേരൂർ പഞ്ചായത്തിൽ മുണ്ടിയം കടവിൽ പഴയ പറളി പാലത്തിൽ നിന്നും 11/00 കി.മി.ചെയിനേജിൽ ഭാരതപുഴയ്ക്കു കുറുകെ തടയണ നിർമ്മാണത്തിനു വേണ്ടി സൈറ്റ്, കോൺട്രാക്ടർക്ക് കൈമാറിയിട്ടുണ്ട്.

4) മൈനർ ഇറിഗേഷൻ മുൻഗണനാ പ്രവൃത്തി 2011-12ൽ ഉൾപ്പെടുത്തി ഒറ്റപ്പാലം മുൻസിപ്പാലിറ്റിയിൽ കണ്ണിയംപുറം തോടിന് കുറുകെ അയ്യപ്പൻകാവിനടുത്ത് തടയണ നിർമ്മാണത്തിൻെറ പ്രവർത്തികൾ 25% പൂർത്തിയായി.

5) മൈനർ ഇറിഗേഷൻ മുൻഗണനാ പ്രവർത്തി 2011-12-ൽ ഉൾപ്പെടുത്തി കടമ്പഴിപ്പുറം പഞ്ചായത്തിൽ ചിനിക്കടവിൽ തുപ്പനാട് പുഴയ്ക്കു കുറുകെ തടയണ നിർമ്മാണത്തിനുള്ള പണി ചെയ്യുന്നതിന് - ദർഘാസ് നടപടികൾ ആയിട്ടുണ്ട്.

6) വരൾച്ച നിവാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ലക്കിടി പേരൂർ പഞ്ചായത്തിൽ പല്ലാർമംഗലം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയ്ക്കടുത്ത് ഭാരതപ്പുഴയിൽ താൽക്കാലിക തടയണ നിർമ്മാണത്തിൻെറ പണികൾ പുരോഗമിച്ചു വരുന്നു.

7) വരൾച്ച നിവാരണ പദ്ധതിയിൽ ഉൾപ്പെടുത്തി - കടമ്പഴിപ്പുറം പഞ്ചായത്തിൽ പാലേരികടുങ്ങോട്ടുപാടം വാർഡ് 15-ൽ തോടിന് കുറുകെ താൽക്കാലിക തടയണ നിർമ്മാണത്തിൻെറ പണികൾ പുരോഗമിച്ചു വരുന്നു.

8) വരൾച്ച നിവാരണ പദ്ധതിയിൽ ഉൾപ്പെടുത്തി കടമ്പഴിപ്പുറം പഞ്ചായത്തിൽ ചോലപ്പാടത്ത് വാർഡ് 6-ൽ തോടിനു കുറുകെ താൽക്കാലിക തടയണ നിർമ്മാണത്തിൻെറ പണികൾ പുരോഗമിച്ചു വരുന്നു.

9) വരൾച്ച നിവാരണ പദ്ധതിയിൽ ഉൾപ്പെടുത്തി കരിമ്പുഴ പഞ്ചായത്തിൽ കരിമ്പുഴ പാലത്തിന് അപ്പ് സ്ട്രീമിൽ കരിമ്പുഴയ്ക്കു കുറുകെ താൽക്കാലിക തടയണ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് അനുമതിയ്ക്കായി ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

10) വരൾച്ച നിവാരണ പദ്ധതിയിൽ ഉൾപ്പെടുത്തി കരിമ്പുഴ പഞ്ചായത്തിൽ പൊമ്പ്ര മുണ്ടക്കോട്ടു കുറിശ്ശിയിൽ കരിമ്പുഴയ്ക്കു കുറുകെ താൽക്കാലിക തടയണ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് അനുമതിയ്ക്കായി ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

11) വരൾച്ച നിവാരണ പദ്ധതിയിൽ ഉൾപ്പെടുത്തി കരിമ്പുഴ പഞ്ചായത്തിൽ മുണ്ടോക്കുറിശ്ശിക്കടവിൽ കരിമ്പുഴയ്ക്കു കുറുകെ താല്ക്കാലിക തടയണ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് അനുമതിക്കായി ജില്ലാകളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

12) വരൾച്ച നിവാരണ പദ്ധതിയിൽ ഉൾപ്പെടുത്തി കരിമ്പുഴ പഞ്ചായത്തിൽ തുമ്പക്കണ്ണിയിൽ ചെറുപുഴയ്ക്കു കുറുകെ താൽക്കാലിക തടയണ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് അനുമതിയ്ക്കായി ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**